M 10207

Reg. No.: ..............................

Name : ..............................

DON BOSCO ARTS AND SCIENCE COLLEGE LIBRARY ANGADIKADAVU

# II Semester B.A./B.Sc./B.Com./B.B.A./B.B.A.T.T.M./B.B.M./B.C.A./B.S.W. (CCSS-Reg./Supple./Improvement) Degree Examination, March 2011
## MALAYALAM (Common Course for B.Com./B.B.A./B.B.A.T.T.M./B.B.M.)
## 2A08.1 MAL : ഭാഷയും ആശയ വിനിമയവും
## (Bhashayum Asayavinimayavum)

Time : 3 Hours　　　　　　　　　　　　　　　　　　Total Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം (വെയിറ്റേജ്) 1.

1) a) 'അന്വയം' എന്ന കൃതി രചിച്ചതാര് ?

b) 'മേഘരൂപ'ന്റെ 'ആനത്ത'ത്തെ പെരുപ്പിച്ചു കാട്ടുന്ന പദങ്ങൾ ഏതെല്ലാം ?

c) ഭ്രഷ്ട കാമുകൻ, പൂർവ്വപുണ്യം മുതലായ പദങ്ങൾ ഏതു നാമത്തിന്റെ ആവാഹന വീര്യത്തെയാണ് വർദ്ധിപ്പിക്കുന്നത് ?

d) 'കെട്ടഴിഞ്ഞോമനപ്പൃഷ്ഠ ഭാഗത്തേയും
പുഷ്ട നിതംബപ്പരപ്പിനേയും
മൂടി ക്കിടക്കുന്നു മുഗ്ദ്ധമാം കാർകുഴൽ
നീടുറ്റ നീലത്തഴയ്ക്കു തുല്യം' – ഏതു കൃതിയിലെ വരികളാണിത് ?

2) a) 'കൊളോൺ' റെയിൽവെ സ്റ്റേഷൻ ഏത് രാജ്യത്താണ് ?

b) മലായിലെ 'ഏർപ്പാട്' അവസാനിപ്പിച്ച് നാട്ടിൽ വന്ന് സ്ഥിര താമസം തുടങ്ങിയതാര് ?

c) ഇന്ത്യാവിഭജനം പ്രമേയമാക്കി എം. എസ്. സത്യു ചിത്രീകരിച്ച സിനിമ ഏത് ?

d) 'വിഭജനം വ്യക്തികളുടെ രാഷ്ട്രീയ സ്വത്വത്തെയും അധികാരത്തെയും ബാധിച്ചു' എന്നത് ഏത് സിനിമയുടെ പ്രമേയമാണ് ?

P.T.O.

3) a) 'ഫണ്ടമെന്റലിസം' എന്ന ഇംഗ്ലീഷ് പദത്തിന് സമാനമായി ഇന്ന് പ്രചാരത്തിലുള്ള മലയാള പദമേത് ?

b) സംഘം കൃതികൾ ഏത് ഭാഷയിലാണ് രചിക്കപ്പെട്ടത് ?

c) 'യൂറോപ്പ് ' വായിച്ച് മതിമറന്ന കൃതിയായി അഴീക്കോട് വിശേഷിപ്പിക്കുന്നത് ഏതിനെയാണ് ?

d) ക്രൈസ്തവ സഭകളിലെ ബിഷപ്പുമാർപോലും പ്രാർത്ഥനയായി ഉപയോഗിക്കാൻ മടിക്കാത്ത വാക്യമേത് ?

4) a) പൊക്കുടൻ ഏറ്റവും കൂടുതൽ നട്ടു വളർത്തിയത് ഏതുതരം കണ്ടലുകളാണ് ?

b) ഭാവിയിൽ ഏതുപേരിൽ അറിയപ്പെടണമെന്നാണ് പൊക്കുടൻ ആഗ്രഹിക്കുന്നത് ?

c) പൊക്കുടൻ ആദ്യം കണ്ട നാണയമേത് ?

d) കാലിത്തീറ്റയ്ക്കും വീടുമേയാനും ഉപയോഗിക്കുന്ന കണ്ടൽ ഏത് ?

5) a) കണ്ടൽവനങ്ങൾ ഏത് സസ്യവിഭാഗത്തിലാണ് ഉൾപ്പെടുന്നത് ?

b) യൂക്കാ അഥവാ ഫിഡിൽക്കാരൻ ഞണ്ട് വസിക്കുന്നതെവിടെ ?

c) നദീമുഖത്തോട് ബന്ധപ്പെട്ട് വെള്ളം കയറിക്കിടക്കുന്ന പ്രദേശങ്ങൾക്കു പറയുന്ന പേരെന്ത് ?

d) 'ഒത്ത പെണ്ണില്ല' എന്ന പാട്ട് ഉൾപ്പെടുന്ന 'കേരള ഭാഷാഗാനങ്ങൾ' എഡിറ്റു ചെയ്തതാര് ?

**(4×1=4 Weightage)**

II. **എഴുപത്തിയഞ്ച്** വാക്കിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നിന്റെയും** മൂല്യം (വെയിറ്റേജ്) **1**.

6) സ്വന്തം തനിമ നിലനിർത്തിക്കൊണ്ട് മലയാളത്തിന് വളരാൻ കഴിയുന്നതെങ്ങനെ ?

7) ശൈലീ വിജ്ഞാനികൾ കവിതാപഠനത്തിൽ സ്ഥാനം കല്പിക്കാത്തത് എന്തിനൊക്കെയാണ് ?

8) കുഞ്ഞിക്കാദർ ജനങ്ങളെ അത്ഭുതപരതന്ത്രരാക്കിയതെങ്ങനെ ?

9) 'ആനയും വല്ലി'യും എന്നാലെന്ത് ?

10) 'ഇത്തരം വിരോധാഭാസങ്ങളെക്കൊണ്ടു സുരഭിലമായ ഒരു ഭൂമിയാണ് ഉപനിഷത്ത് ' – വിരോധാഭാസങ്ങൾ എന്തെല്ലാം ?

**(4×1=4 Weightage)**

III. **നൂറ്റമ്പതു** വാക്കിൽ കവിയാതെ ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നി**ന്റെയും മൂല്യം (വെയിറ്റേജ്) **2**.

11) 'പാറ്റേണുകൾ' എന്നാൽ എന്ത് ?

12) പ്രകൃതിയുടെ കണ്ണിലുണ്ണിയായി 'മേഘരൂപ'നെ കൊണ്ടാടുന്നതെങ്ങനെ ?

13) ചെറുവത്താനിക്കാരുടെ സാധു ജീവിതത്തിൽ കാദു മാഷ് സ്ഥാനം പിടിച്ചതെങ്ങനെ ?

14) എല്ലാ ഇൻഡോളജിസ്റ്റുകളുടെയും ഒഴിവാക്കാനാവാത്ത കടമയെന്ത് ?

15) 'കണ്ടിത്തെയ്യം' കെട്ടിയാടുവാൻ തുടങ്ങിയതിന്റെ ഐതിഹ്യമെന്ത് ?

16) 'ഇവിടെയാണ് ഉപനിഷത്തിന്റെ അത്യാവശ്യം' – എവിടെയെന്ന് വ്യക്തമാക്കുക.

**(5×2=10 Weightage)**

IV. **മുന്നൂറു** വാക്കിൽ കവിയാതെ ഏതെങ്കിലും **മൂന്നു** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നി**ന്റെയും മൂല്യം (വെയിറ്റേജ്) **4**.

17) പ്രകൃതിയുടെ കുറ്റമറ്റ ഒരു കലാസൃഷ്ടിയായി 'മേഘരൂപ'നെ അവതരിപ്പിക്കുവാൻ കവി ഉപയോഗിക്കുന്ന ബിംബശൃംഖലയുടെ ക്രമീകരണത്തിലുള്ള ഔചിത്യമെന്ത് ?

18) 'പെണ്ണിനെ അലങ്കാര വസ്തുവാക്കുന്ന സിനിമാ ലോകത്ത് പടവാളിന്റെ കരുത്തോടെ പുനർജ്ജനിക്കുകയാണ് 'പരദേശി'യിലെ സ്ത്രീകൾ' – സമർത്ഥിക്കുക.

19) 'ഒറ്റയാൾ പ്പോരാട്ടമാണ് പൊക്കുടന്റെ ജീവിതം' – പൊക്കുടന്റെ ആത്മകഥയെ അടിസ്ഥാനമാക്കി ഉപന്യസിക്കുക.

20) സംസ്കാരത്തിന്റെ ചരിത്രം സ്വാഭാവികമായി സമാഹരിച്ചിട്ടുള്ള നാടൻ സാഹിത്യത്തിന്റെ ഭാഗമാണ് 'നാടൻ പാട്ടുകൾ' – 'ഒത്ത പെണ്ണില്ല' എന്ന നാടൻ പാട്ടിനെ അടിസ്ഥാനമാക്കി നിരൂപിക്കുക.

**(3×4=12 Weightage)**

---